www.muthalakodamstgeorgechurch.com



# മുതലക്കോടത്ത് മുത്തപ്പൻ

## ഇടവക ബുള്ളറ്റിൻ

വാല്യം 40 ലക്കം 06 ജൂൺ 2025





പെന്തക്കുസ്താ തിരുനാൾ



തിരുഹൃദയ തിരുനാൾ



നിർമ്മിതികൾ
ഏതുമാവട്ടെ,
മൈസൺസ് ഉണ്ട് കൂടെ...
MYSONS GROUP SINCE 1989
നിർമാണപ്രവർത്തനങ്ങൾക്കുള്ള
കല്ല്, മണൽ, മെറ്റൽ, പാറപ്പൊടി, മണ്ണ്,
ബ്രിക്സ് എന്നിവ മിതമായ നിരക്കിൽ
ഉത്തരവാദിത്വത്തോടു കൂടി എത്തിച്ചു
കൊടുക്കുന്നു.
JCB & HITACHI
Available For Rent
150ft, 200ft, 250ft, 300ft, 400ft, 570ft
എന്നീ വ്യാപ്തികളുള്ള ടിപ്പറുകൾ ലഭ്യമാണ്
MYSONS
ROADWAYS
Pattayamkavala
Muthalakodam P.o
Thodupuzha
Contact Us
9072 777 999
9089 777 666

# മുതലക്കോടത്ത് മുത്തപ്പൻ







01 വികാരിയച്ചന്റെ സന്ദേശം
03 മുഖമൊഴി
05 ഇടവക വാർത്തകൾ
11 സംഘടനാ വാർത്തകൾ
18 കുടുംബവാർത്തകൾ
19 വരുംദിനങ്ങൾ
20 ബൈബിൾ ക്വിസ്
21 വാർഡ് പ്രാർത്ഥന
23 തിരുനാൾ പ്രസുദേന്തിമാർ 2025
28 തിരുവചനവായനകൾ



Patron Mar George Madathikandathil
Published on First Sunday of every month
Phone : 04862 - 222786, 8281717867
E-mail : muthalakodam123@gmail.com



| | | |
|---|---|---|
| മാനേജിംഗ് എഡിറ്റർ | റവ. ഫാ. സെബാസ്റ്റ്യൻ ആരോലിച്ചാലിൽ | Mob : 9447400859 |
| ചീഫ് എഡിറ്റേഴ്സ് | റവ. ഫാ. സിറിയക് മഞ്ഞക്കടമ്പിൽ | Mob : 8330873067 |
| | റവ. ഫാ. വർഗീസ് കണ്ണാടൻ | Mob : 8281282155 |
| | ശ്രീ. ജോയി വന്യംപറമ്പിൽ | |
| എഡിറ്റേഴ്സ് | ശ്രീമതി ഗ്രേസി തോമസ് പാറയിൽ | |
| | സിസ്റ്റർ. പുഷ്പ മരിയ എസ്.എച്ച് | |
| | ശ്രീ. ജോജോ ജോസഫ് പാറത്തലയ്ക്കൽ | |
| | ശ്രീ. കെ. പി. മാത്യു കൊച്ചുപറമ്പിൽ | |
| | ശ്രീ. സാന്റോ പോൾ ചെമ്പരത്തി | |
| | ശ്രീ. പോൾ വർഗീസ് മച്ചുകുഴി | |
| | ശ്രീ. ജോസഫ് തോട്ടത്തിമ്യാലിൽ | |
| | Ms.ഡോണ ബിജു അമ്പലത്തുരുത്തേൽ | |

# സ്നേഹസ്മരണയ്ക്ക്......

8–ാം ചരമവാർഷികം

1–ാം ചരമവാർഷികം



**KURIAKOSE CHACKO**

ജനനം: 05–10–1938
മരണം: 19–07–2017

**ALEYKUTTY KURIAKOSE**

ജനനം: 06–08–1940
മരണം: 02–06–2024

**ELAMBASSERIL**

**പ്ലാക്കൽ പുത്തൻപുരയിൽ**

**മുതലക്കോടം**



# വികാരിയച്ചന്റെ സന്ദേശം

ജൂൺ മാസം ഈശോയുടെ തിരുഹൃദയത്തിന് സമർപ്പിതമാണ് എന്ന് നമുക്കറിയാമല്ലോ. ഫ്രാൻസിസ് പാപ്പയുടെ അവസാനത്തെ ചാക്രികലേഖനമായ 'Dilexit Nos', 'അവൻ നമ്മെ സ്നേഹിച്ചു', എന്ന രേഖയിൽ ഇപ്രകാരം പറയുന്നു: യേശുക്രിസ്തു എന്ന വ്യക്തിയോടുള്ള നമ്മുടെ സ്നേഹം, അത് സൗഹൃദത്തിന്റെയും ആരാധനയുടെയും സ്നേഹമാണ്. ഈ സ്നേഹം പ്രതീകാത്മകമായി നമുക്ക് മനസിലാകുന്നത് ആ തിരുഹൃദയത്തിന്റെ രൂപത്തിലാണ്. കുത്തിമുറിവേൽപ്പിക്കപ്പെട്ട ഈശോയുടെ തിരുഹൃദയം നമുക്ക് തരുന്നതും ഈ സന്ദേശമാണ്. എത്രയേറെ സഹനത്തിന്റെയും സമർപ്പണത്തിന്റെയും ക്ഷമയുടെയും ആത്മസംയമനത്തിന്റെയും വേളകൾ നമ്മുടെ ജീവിതത്തിൽ ഉണ്ടായാലും അവയെല്ലാം ഈശോയുടെ തിരുഹൃദയത്തോട് ചേർന്ന് ചിന്തിക്കുമ്പോൾ നമുക്ക് നേരിടാൻ സാധിക്കും. "നിങ്ങളുടെ നിക്ഷേപം എവിടെയോ അവിടെയായിരിക്കും നിങ്ങളുടെ ഹൃദയവും" (മത്തായി 6:21). "ഹൃദയം നുറുങ്ങിയവർക്ക് കർത്താവ് സമീപസ്ഥനാണ്" (സങ്കീ. 34:18). വചനങ്ങളിലൂടെ ഈശോ നമ്മോട് പറയുന്നതും, അവിടുത്തെ ഹൃദയത്തോട് ചേർന്നുനിൽക്കാനുള്ള ആഹ്വാനമാണ്.

ഈ മാസം നമ്മുടെ വിദ്യാലയങ്ങൾ തുറക്കുന്ന സമയമാണല്ലോ. പ്രതീക്ഷയുടെ പുതുനാമ്പുകൾ വിരിയിച്ച് ഒത്തിരിയേറെ സന്തോഷത്തോടെയും ആവേശത്തോടെയും നമ്മുടെ കുരുന്നുകൾ സ്കൂളുകളിൽ എത്തുന്ന നിമിഷം.





സന്തോഷങ്ങൾ ഏറെയാണെങ്കിലും വിദ്യാലയങ്ങളിൽ ഹൃദയാർദ്രതയ്ക്കെതിരായ ഒത്തിരിയേറെ കാര്യങ്ങൾ നടക്കുന്നു എന്നത് തികച്ചും സങ്കടകരമായ കാര്യമാണ്. ആർദ്രതയില്ലാത്ത ബാല്യങ്ങളായി, ലഹരിയുടെയും മറ്റ് ദുഃസ്വാധീനങ്ങളുടെയും വലയിലകപ്പെട്ട് മാറുന്ന യൗവനങ്ങളായി മാറാതെ സമാധാനവും സന്തോഷവും നിറഞ്ഞുതുളുമ്പുന്ന ജീവിതങ്ങളായി നമ്മുടെ കുട്ടികൾ രൂപാന്തരപ്പെടട്ടെ. മാതാപിതാക്കളുടെ നല്ല മാതൃകയാണ് ഓരോ കുട്ടിയേയും രൂപീകരിക്കുന്നത്. മാതാപിതാക്കളുടെ നല്ല മാതൃകയുടെ തണലിൽ മക്കൾ പുതു വർഷത്തിൽ തങ്ങളുടെ അറിവുകൾ നേടട്ടെ. ഏവർക്കും അഭയമരുളുന്ന അവിടുത്തെ തിരുഹൃദയം നമ്മുടെ ജീവിത യാഥാർത്ഥ്യങ്ങളുടെ രാവുകളിൽ പ്രകാശം വീശട്ടെ. കോരിച്ചൊരിയുന്ന ജൂണിലെ മഴപോലെ ഈശോയുടെ തിരുഹൃദയത്തിന്റെ കരുണാർദ്രസ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്കും പെയ്തിറങ്ങട്ടെ. ഏവർക്കും പ്രത്യാശാ നിർഭരമായ ഒരു കാലം ആശംസിക്കുന്നു.

സ്നേഹത്തോടെ


വികാരിയച്ചൻ

റവ. ഫാ. സെബാസ്റ്റ്യൻ ആരോലിച്ചാലിൽ





# മുഖമൊഴി





**തിരുഹൃദയ തിരുത്തണലിൽ**

മനുഷ്യരാശിക്കുവേണ്ടി തുറക്കുന്ന ദൈവസ്നേഹത്തന്റെ അതിശക്തമായ അടയാളമാണ് ഈശോയുടെ മുറിവേറ്റ തിരുഹൃദയം. എന്താണ് ഈ മുറിവേറ്റ ഹൃദയത്തിന് ലോകത്തിനു നൽകുവാനുള്ള സന്ദേശം? ഈ സന്ദേശത്തന്റെ ആവിഷ്കാരവും പ്രകാശനവുമാണ് തിരുഹൃദയത്തിനായി പ്രത്യേകം പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ജൂൺ മാസത്തിൽ നാം പ്രത്യേകം പ്രാർത്ഥിക്കേണ്ടതും ധ്യാനിക്കേണ്ടതും.

മുറിവേറ്റ ഹൃദയം സ്നേഹത്തിന്റെ അടയാളമാണ്; ജീവന്റെ വറ്റാത്ത ഉറവയാണ്. “Love without suffering is inconceivable and suffering without love is intolerable” എന്ന ഒരു ചൊല്ലുണ്ട്. അതായത് സഹനമില്ലാത്ത സ്നേഹം അചിന്ത്യമാണ്. സ്നേഹമില്ലാത്ത സഹനം ദുർവഹമാണ്. രക്ഷകനായ ഈശോ തന്റെ കുരിശിലെ ബലിവഴി, ജീവത്യാഗം വഴി ഈ സത്യം യാഥാർത്ഥ്യമാക്കി. ഈശോയുടെ തിരുഹൃദയം വ്യവസ്ഥയില്ലാത്ത സ്നേഹത്തിന്റെ അടയാളവും ഉറവിടവുമാണ്.

ഈശോയുടെ തിരുഹൃദത്തിന്റെ ഏറ്റവും വലിയ സവിശേഷഭാവമാണ് എളിമയും ശാന്തതയും. “ഞാൻ ശാന്തശീലനും വിനീതഹൃദയനുമാണ്” അവിടുത്തെ ശാന്തത എന്നത് സ്നേഹത്തിൽ നിന്ന് ഉരുത്തിരിയുന്ന വ്യക്തിത്വമാണ്. ശാന്തതയുണ്ടാകണമെങ്കിൽ എളിമ ഉണ്ടാകണം. സുവിശേഷത്തിലെ സ്വഭാവങ്ങളിലൂടെ കടന്നുപോകുമ്പോൾ ഈശോയുടെ ശാന്തതയേയും എളിമയേയും കുറിച്ച് കൂടുതലായി മനസ്സിലാക്കുവാൻ സാധിക്കും.





ഈശോയുടെ ജനനം തന്നെയും അവിടുത്തെ എളിയ ജീവിതത്തെ സൂചിപ്പിക്കുന്നു. ദൈവമായിരുന്നിട്ടും തന്നെതന്നെ ശൂന്യനാക്കിക്കൊണ്ട് കാലിത്തൊഴുത്തിൽ ജനിച്ച്, വിനീതരായ മാതാപിതാക്കൾക്ക് വിധേയപ്പെട്ട് ജീവിച്ച് തന്റെ പരസ്യജീവിതകാലത്ത് ജറുസലേം ദൈവാലയത്തിലേക്ക് കഴുതക്കുട്ടിയുടെ പുറത്ത് യാത്ര ചെയ്തുകൊണ്ട്, സെഹിയോൻ ഊട്ടുശാലയിൽ തന്റെ ശിഷ്യരുടെ പാദങ്ങൾ കഴുകിക്കൊണ്ട്, എളിമയുടെയും വിനയത്തിന്റെയും മാതൃക ഈശോ നമ്മെ കാണിച്ചു.

"ഈ ജനക്കൂട്ടത്തോട് എനിക്ക് അനുകമ്പ തോന്നുന്നു" ഈശോയുടെ തിരുഹൃദയം കരുണാർദ്രസ്നേഹത്തിന്റെ ഉറവിടമാണ്. വിശക്കുന്നവർക്ക് അപ്പം നൽകിക്കൊണ്ട്, പാപികൾക്ക് മോചനം നൽകിക്കൊണ്ട് രോഗങ്ങൾ സുഖപ്പെടുത്തിക്കൊണ്ട് ജനങ്ങളുടെ ആത്മീയവും ശാരീരികവുമായ ആവശ്യങ്ങൾ മനസ്സിലാക്കി അവരിലേക്ക് കടന്നുചെന്ന് തന്റെ കരുണ വർഷിക്കുന്നു. ഈശോ തന്റെ ജീവിതത്തിലുടനീളം പ്രവർത്തിച്ച അത്ഭുതങ്ങളെല്ലാം അവിടുത്തെ കാരുണ്യത്തിന്റെ ശക്തമായ അടയാളങ്ങളായിരുന്നു.

ഈശോയുടെ മിഴികളിൽ നിന്ന് ഒഴുകിയിറങ്ങിയിരുന്നത് അവിടുത്തെ കാരുണ്യമായിരുന്നു. മൊഴികളിൽ നിറഞ്ഞുനിന്നതും ഹൃദയത്തിൽ സ്പന്ദിച്ചതും കരുണയുടെ താളമായിരുന്നു. ദൈവകരുണ ആവോളം ആസ്വദിച്ചു നാം നമ്മുടെ ജീവിത വീഥികളിൽ കാരുണ്യത്തിന്റെ പ്രവാചകരും പ്രഘോഷകരുമായി മാറുന്നുണ്ടോ എന്ന ആത്മ പരിശോധന ചെയ്യേണ്ട മാസമാണിത്.

ഒത്തിരി സ്നേഹത്തോടെ

ഫാ. സിറിയക് മണ്ണക്കടമ്പിൽ

ഫാ. വർഗീസ് കണ്ണാടൻ

ഫാ. ആൽബിൻ കരിമാക്കിൽ VC




## ജൂൺ 27 : ഈശോയുടെ തിരുഹൃദയത്തിരുനാൾ

ജൂൺ 27-ാം തീയതി വെള്ളിയാഴ്ച ഈശോയുടെ തിരുഹൃദയത്തിരുനാൾ ആഘോഷിക്കുന്നു. എല്ലാ ക്രൈസ്തവ കുടുംബങ്ങളും ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ഠിതമാണ്. തിരുഹൃദയത്തിന്റെ കരുണാർദ്രസ്നേഹവും നന്മയും നമ്മുടെ ഹൃദയങ്ങളെ വിശുദ്ധീകരിക്കട്ടെ, രൂപാന്തരപ്പെടുത്തട്ടെ. അന്നേ ദിവസം നമ്മുടെ കുടുംബങ്ങളെ ഈശോയുടെ തിരുഹൃദയത്തിന് സമർപ്പിച്ച് തിരുഹൃദയ ജപമാലയും തിരുഹൃദയ പ്രതിഷ്ഠാജപവും ചൊല്ലി പ്രാർത്ഥിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## ജൂൺ 28 : മാതാവിന്റെ വിമലഹൃദയത്തിരുനാൾ

പരിശുദ്ധ ദൈവമാതാവിന്റെ വിമലഹൃദയത്തിന് പ്രതിഷ്ഠിതമായിരിക്കുന്ന നമ്മുടെ രൂപതയേയും രൂപതയെ നയിക്കുന്ന അഭിവന്ദ്യ പിതാക്കന്മാരേയും എല്ലാ വൈദികരേയും വൈദികാർത്ഥികളേയും എല്ലാ കുടുംബങ്ങളേയും രൂപതയുടെ എല്ലാ ശുശ്രൂഷാ മേഖലകളേയും സമർപ്പിച്ച് മാതാവിന്റെ മാദ്ധ്യസ്ഥം തേടി പ്രാർത്ഥിക്കാം.





## തിരുനാൾ മംഗളങ്ങൾ

ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ഠിതമായിരിക്കുന്ന സന്യാസ സമൂഹമാണ് തിരുഹൃദയ സന്യാസിനീസമൂഹം. സ്നേഹത്തിന്റേയും സേവനത്തിന്റേയും പാതയിലൂടെ രക്ഷയുടെ അനുഭവം പങ്കുവയ്ക്കാൻ ആതുര ശുശ്രൂഷാരംഗത്തും വിദ്യാഭ്യാസ രംഗത്തും ഇടവകയിലെ വിവിധ ശുശ്രൂഷകളിലും സ്തുത്യർഹമായി സേവനം ചെയ്യുന്ന തിരുഹൃദയ സന്യാസിനീ സമൂഹത്തിലെ എല്ലാ സഹോദരിമാർക്കും തിരുഹൃദയത്തിരുനാൾ ആശംസകൾ നേരുന്നു.

## യാത്രാമംഗളങ്ങൾ

അഞ്ച് വർഷക്കാലത്തെ സ്തുത്യർഹമായ സേവനത്തിനു ശേഷം കലയന്താനി പള്ളിയിലേക്ക് സ്ഥലം മാറി പോകുന്ന ബഹു. ജോർജ് താനത്തുപറമ്പിൽ അച്ചനും ഒരു വർഷക്കാലത്തെ സ്തുത്യർഹമായ സേവനത്തിനു ശേഷം കാളിയാർ പള്ളിയുടെ അസിസ്റ്റന്റ് വികാരിയായി സ്ഥലം മാറിപോകുന്ന ബഹു. സിറിയക് മഞ്ഞക്കടമ്പിൽ അച്ചനും മൂവാറ്റുപുഴ പള്ളിയുടെ അസിസ്റ്റന്റ് വികാരിയായി സ്ഥലം മാറിപോകുന്ന ബഹു. വർഗീസ് കണ്ണാടൻ അച്ചനും ഇടവക കുടുംബത്തിന്റെ യാത്രാമംഗളങ്ങൾ.

## സ്വാഗതം

നമ്മുടെ ഇടവകയിൽ വികാരിയായി സ്ഥാനമേൽക്കുന്ന സെബാസ്റ്റ്യൻ ആരോലിച്ചാലിൽ അച്ചനും അസി. വികാരിമാരായി സ്ഥാനമേൽക്കുന്ന സ്കറിയ മെതിപ്പാറ അച്ചനും ജോസഫ് കാരക്കുന്നേൽ അച്ചനും ഇടവക കുടുംബത്തിലേയ്ക്ക് ഹൃദ്യമായ സ്വാഗതം. ദൈവാനുഗ്രഹപ്രദമായ ശുശ്രൂഷകളിലൂടെ ഇടവക ജനത്തെ ആത്മീയതയിലേയ്ക്ക് നയിക്കുവാൻ മുത്തപ്പന്റെ മാദ്ധ്യസ്ഥ്യം വഴി സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

## റവ. ഡോ. ജോർജ് താനത്തുപറമ്പിൽ സ്ഥലംമാറി

മുതലക്കോടം തീർത്ഥാടന കേന്ദ്രത്തിന് പുതിയ അദ്ധ്യായമെഴുതി, റവ. ഡോ. ജോർജ് താനത്തുപറമ്പിൽ 17.05.2025 ന് സ്ഥലം മാറിപ്പോയി. 2020 ൽ കോവിഡ് മഹാമാരി സൃഷ്ടിച്ച ആഗോള പ്രതിസന്ധിയിൽ ആരാധന മുടങ്ങിയ ഘട്ടത്തിലാണ് താനത്തുപറമ്പിൽ അച്ചൻ മുതലക്കോടത്ത് വികാരിയായി സ്ഥാനമേൽക്കുന്നത്. അവിടം മുതൽ നാളിതുവരെ പ്രശസ്തമായ ഈ തീർത്ഥാടന കേന്ദ്രത്തിന്റെ ആത്മീയ ഔന്നത്യം കാത്തുസൂക്ഷിക്കുന്നതിലും അത് കൂടുതൽ പ്രോജ്ജ്വലമാക്കുന്നതിലും അദ്ദേഹം പ്രദർശിപ്പിച്ച ഔത്സുക്യം ശ്ലാഘനീയമാണ്.

മുതലക്കോടത്തിന്റെ സാധ്യതകൾ തിരിച്ചറിഞ്ഞ പ്രവർത്തനങ്ങളാണ് അദ്ദേഹം ഇവിടെ കാഴ്ച്ച വെച്ചത്. വിദ്യാഭ്യാസ മേഖലയിൽ മുന്നിൽ നിൽക്കുന്ന സെന്റ്. ജോർജ് യു.പി., ഹൈസ്കൂൾ, ഹയർസെക്കന്ററി സ്കൂൾ, ഗേൾസ് സ്കൂൾ എന്നിവിടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും





സെന്റ് ജോർജ് സ്റ്റേഡിയം കൂടുതൽ കായിക വിനോദ സൗകര്യങ്ങൾ ഉൾപ്പെടുത്തി വികസിപ്പിക്കുകയും ചെയ്തു. വാഹനങ്ങളുടെ ക്രമാതീതമായ പെരുപ്പം നിമിത്തം വീർപ്പുമുട്ടുന്ന മുതലക്കോടത്ത് ദേവാലയവുമായി ബന്ധപ്പെട്ട ആചാരങ്ങൾ നിമിത്തം ഉണ്ടാകുന്ന ഗതാഗത തടസ്സം ശ്വാശതമായി പരിഹരിക്കുന്നതിന് പള്ളിയുടെ തെക്കുവശത്തുകൂടി എട്ട് മീറ്റർ വീതിയിൽ പുതിയ റോഡ് നിർമ്മിച്ചു. ഇത് സ്ഥിരം പ്രദിക്ഷിണ വഴിയായി ഇപ്പോൾ ഉപയോഗിക്കുന്നു.

മുതലക്കോടത്തിന് ആ പേരുണ്ടാകാൻ ഇടയാക്കിയ രാജ ഭരണ കാലത്തെ പണ്ഡകശാല സ്ഥിതി ചെയ്തിരുന്ന സ്ഥലത്തിന്റെ സ്മാരകമായി പാണ്ട്യാല കോംപ്ലക്സ് നിർമ്മിച്ചു. സ്ഥാവര വസ്തുക്കളുടെ ഡോക്യുമെന്റേഷൻ പൂർത്തിയാക്കി. ''തൊടുപുഴ മാസ്റ്റർ പ്ലാൻ'' നടപ്പാകുമ്പോൾ ദേവാലയത്തിന്റെ ദൗതികാവസ്ഥയിലുണ്ടാകുന്ന ഹിതകരമല്ലാത്ത മാറ്റവും ആദ്ധ്യാത്മിക അന്തരീക്ഷത്തിന് സംഭവിക്കുന്ന തകർച്ചയും മുന്നിൽക്കണ്ട് ജനകീയ സമരത്തിലൂടെ പദ്ധതി നടത്തിപ്പ് പ്രതിരോധിച്ചു. പുതിയ സക്രാരി, കൺഫഷൻ സെന്റർ പ്രസ്ബിറ്ററി അനക്സ്, സിയോൻഹാൾ എന്നിവ നിർമ്മിച്ചു. ദേവാലയവും ഓഡിറ്റോറിയവും ശബ്ദം വ്യക്തമായി കേൾക്കുന്നതിനും എന്നാൽ ശബ്ദമലിനീകരണം പൂർണ്ണമായി തടയുന്നതിനുമുള്ള ശാസ്ത്രീയ സംവിധാനങ്ങൾ ഏർപ്പെടുത്തി നവീകരിച്ചു.

പരിസ്ഥിതി സംരക്ഷണത്തിലും കാർഷിക മേഖലയിലും താനത്തുപറമ്പിൽ അച്ചൻ നൽകിയ സംഭാവനകൾ നിസ്തുലമാണ്. പള്ളിയുടെ ഉടമസ്ഥതയിൽ രണ്ട് ദശാബ്ദക്കാലമായി തരിശായി കിടന്ന മൂന്ന് ഏക്കർ സ്ഥലത്ത് അൻപതോളം ഇനത്തിൽപ്പെട്ട ആയിരത്തിലധികം ഫലവൃക്ഷങ്ങൾ





നട്ടുപരിപാലിക്കുന്ന ഗ്രീൻവാലി മൾട്ടിസ്പീഷീസ് അഗ്രോഫാം കേരളത്തിനു തന്നെ മാതൃകയാണ്. മത്സ്യ കൃഷി, തേനീച്ച വളർത്തൽ തുടങ്ങിയവ ഉൾപ്പെടുന്ന ഈ ബഹുമുഖ പദ്ധതി ഇന്നൊരു ഫാം സ്കൂളായി മാറിക്കഴിഞ്ഞു. കാരൂപ്പാറയിലെ N18 ഫ്രൂട്ട് ഫാം, പള്ളിയുടെ പാർക്കിംഗ് ഗ്രൗണ്ടിന് ചുറ്റും സംസ്ഥാന വൃക്ഷമായ തെങ്ങുകളും മറ്റ് ഫലവൃക്ഷനിരകളും, പള്ളിമുറ്റത്തെ പ്രകൃതിദത്ത പച്ച പരവതാനി എന്നിവ ആരെയും ആകർഷിക്കും.

ഭവന രഹിതർക്ക് പുതിയ വീടുകൾ നിർമ്മിച്ചു നൽകി. സാനിറ്റേഷൻ, വൈദ്യുതി കണക്ഷൻ തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ ഇല്ലാത്ത ഭവനങ്ങളിൽ അവ ഏർപ്പെടുത്തി നവീകരിച്ചു. ഇപ്രകാരം ഇടവകയിലെ 130 വീടുകളുടെ പണി പൂർത്തിയാക്കി. തിരുനാളിന്റെ ചിലവുകൾ ക്രമീകരിച്ച് ഈ വർഷം മിച്ചം വച്ച പത്തുലക്ഷം രൂപ ഭവന രഹിതർക്ക് വീട് നിർമ്മിക്കുന്നതിന് മാറ്റി വെച്ചതിനുശേഷമാണ് അച്ചൻ മുതലക്കോടം ദേവാലയത്തിന്റെ പടി ഇറങ്ങിയത്. ഇദ്ദേഹത്തോടൊപ്പം സഹവികാരിമാരായിരുന്ന ഫാ. സിറിയക് മഞ്ഞക്കടമ്പിൽ, ഫാ. വർഗീസ് കണ്ണാടൻ, ഫാ. ആൽബിൻ കരിമാക്കിൽ എന്നിവരും സ്ഥലം മാറി. വൈദികർക്ക് 16.05.2025 ന് ഇടവക സമൂഹം സമുചിതമായ യാത്രയയപ്പ് നൽകി.

## വൈദികർക്ക് യാത്രയയപ്പ് നൽകി

അഞ്ച് വർഷത്തെ ശുശ്രൂഷകൾക്ക് ശേഷം കലയന്താനി സെന്റ് മേരീസ് ദേവാലയത്തിലേക്ക് സ്ഥലം മാറിയ വികാരിയച്ചൻ റവ. ഡോ. ജോർജ് താനത്തുപറമ്പിൽ, ഓരോ വർഷത്തെ സേവനത്തിനുശേഷം യഥാക്രമം കാളിയാർ സെന്റ് റീത്താസ് ചർച്ച്,

മൂവാറ്റുപുഴ ഹോളി മാഗി ചർച്ച്, ഡൽഹി വിൻസെൻഷ്യൻ ആസ്ഥാനം എന്നിവിടങ്ങളിൽ ശുശ്രൂഷകൾക്ക് നിയോഗിക്കപ്പെട്ട ഫാ. സിറിയക് മഞ്ഞക്കടമ്പിൽ, ഫാ. വർഗീസ് കണ്ണാടൻ, ഫാ. ആൽബിൻ കരിമാക്കിൽ എന്നിവർക്ക് സമുചിതമായ യാത്രയയപ്പ് നൽകി. 16.05.2025 ന് ദേവാലയത്തിൽ നടത്തിയ യാത്രയയപ്പ് യോഗത്തിൽ റവ. ഫാ. ഇമ്മാനുവൽ വട്ടക്കുന്നേൽ വി.സി മുഖ്യപ്രഭാഷണം നടത്തി. ട്രസ്റ്റി പ്രൊഫ. ജോജോ പാറത്തലക്കൽ അദ്ധ്യക്ഷത വഹിച്ചു. ട്രസ്റ്റിമാരായ മാത്യു കൊച്ചുപറമ്പിൽ സ്വാഗതവും പോൾ മച്ചുകുഴിയിൽ നന്ദിയും പറഞ്ഞു. ബഹു. വൈദികരുടെ സേവനങ്ങൾക്ക് കൃതജ്ഞത അർപ്പിച്ച് ജോസഫ് തോട്ടത്തിമ്യാലിൽ (Catholic Congress), സി. മേഴ്സി കുര്യൻ (Convent, Holy Family), സി. ആൻസീന (Catechism HM), ലൈഡ ബിജു (CML), ജിൻസി ജിൻസൺ (DFC), ജോയ് പള്ളത്ത് (Family Apostolate), ജെയിംസ് പള്ളിക്കമ്യാലിൽ (Infarm), ഹെലൻ തോമസ് (Judith Ministry), എമിൽ ബാബു (KCYM), ബെന്നി പെരികലത്ത് (KLM), ഷൈനി സ്റ്റീഫൻ (Mathruvedi), ബോബൻ കുര്യാക്കോസ് (Pithruvedi), ജോസഫ് മണ്ണാറുവേലിൽ (Pravasi Apostolate), ടോംജെ കല്ലറക്കൽ (Property Management), മെർളി പൗലോസ് (Vincent De Paul - Women's Conference), സെബാസ്റ്റ്യൻ കട്ടപ്പുറം (Vincent De Paul - Men's Conference), എന്നിവർ ആശംസാ സന്ദേശങ്ങൾ നൽകി.




# സംഘടനാ വാർത്തകൾ

## സൺഡേ സ്കൂൾ

* മെയ് 1 : തൊഴിലാളി മധ്യസ്ഥനായ വിശുദ്ധ യൗസേപ്പ് പിതാവിന്റെ തിരുനാൾ ആഘോഷിച്ചു.
* Say എക്സാം മാർക്ക് സൈറ്റിൽ എന്റർ ചെയ്തു.
* മെയ് 4 ഇടവക ദിനം വളരെ ഭംഗിയായി ആഘോഷിച്ചു.
* അഞ്ച് വർഷക്കാലം സ്തുത്യർഹമായ സേവനം ചെയ്ത ബഹു. ഡോ. ജോർജ് താനത്തുപറമ്പിൽ അച്ചനും, ഒരു വർഷത്തെ സ്തുത്യർഹമായ സേവനം ചെയ്ത ബഹു. സിറിയക് മഞ്ഞക്കടമ്പിൽ അച്ചനും, വർഗീസ് കണ്ണാടൻ അച്ചനും ഇടവക കുടുംബത്തിന്റെ സ്നേഹനിർഭരമായ യാത്രാ മംഗളങ്ങൾ നൽകി.
* 22-ാം തീയതി വ്യാഴം എച്ച്.എം, സ്റ്റാഫ് സെക്രട്ടറി, ഐ.ടി കോ-ഓർഡിനേറ്റർ എന്നിവർ നെസ്റ്റിൽ വച്ച് നടത്തിയ മീറ്റിംഗിൽ സംബന്ധിച്ചു.
* ജൂൺ 1 സൺഡേസ്കൂൾ പ്രവർത്തനാരംഭം പ്രവേശനോത്സവം
* ജൂൺ 27 ഈശോയുടെ തിരുഹൃദയ തിരുനാൾ
* ജൂൺ 28 പരിശുദ്ധ മാതാവിന്റെ വിമല ഹൃദയത്തിരുനാൾ

## ചെറുപുഷ്പ മിഷൻ ലീഗ്

* മുതലക്കോടം ശാഖാ ഡയറക്ടർ ബഹു. ജോർജ് താനത്തുപറമ്പിൽ, അസിസ്റ്റന്റ് ഡയറക്ടർമാർ ബഹു. സിറിയക് മഞ്ഞക്കടമ്പിൽ, ബഹു. വർഗീസ് കണ്ണാടൻ എന്നിവർക്ക് ഇടവകയിൽ നടത്തിയ യാത്രയയപ്പ് സമ്മേളനത്തിൽ മിഷൻലീഗിന്റെ പ്രതിനിധിയായി ലൈഡ ബിജു ആശംസകൾ അർപ്പിച്ചു സംസാരിച്ചു.
* ചെറുപുഷ്പ മിഷൻലീഗ് ഭാരവാഹികൾ ആതിരപ്പിള്ളി - വാഴച്ചാൽ ടൂർ പോയി.

* മംഗലപ്പുഴ സെമിനാരി സന്ദർശിച്ചു.
* ഒറീസ മിഷന് സാമ്പത്തിക സഹായം നൽകി.
* തിരുനാൾ ദിന കണക്കുകൾ അവതരിപ്പിക്കുന്നതിനായി എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി
* കൈത്താങ്ങ് ഭവന നിർമ്മാണ പദ്ധതിയിലൂടെ ലഭിച്ച തുക ബഹു. വികാരിയച്ചന് ഇടവകയിലെ സാമൂഹിക ക്ഷേമ പ്രവർത്തനങ്ങൾക്കായി കൈമാറി.

## കെ.സി.വൈ.എം

- കെ.സി.വൈ.എം ന്റെ ആഭിമുഖ്യത്തിൽ യുവജനങ്ങൾക്കായി ടൂർ നടത്തപ്പെട്ടു.
- വികാരിയച്ചനും കൊച്ചച്ചന്മാർക്കും ഇടവകദിനത്തിൽ നടത്തപ്പെട്ട സമ്മേളനത്തിൽ പ്രസിഡന്റ് എമിൽ ബാബു മംഗളങ്ങൾ നേർന്ന് സംസാരിച്ചു.

## മാതൃവേദി

മെയ് 4-ാം തീയതി മാതൃവേദിയുടെ പ്രതിമാസ സമ്മേളനം നടന്നു.

**യാത്രാമംഗളങ്ങൾ :-**

മൂന്ന് വർഷത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം സ്ഥലം മാറി പോകുന്ന അനിമേറ്റർ സിസ്റ്റർ മരിയ കണ്ണംപള്ളിയ്ക്ക് യാത്രയയപ്പ് നൽകി.

അഞ്ച് വർഷത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം നമ്മുടെ ഇടവകയിൽ നിന്നും സ്ഥലം മാറിപോകുന്ന റവ. ഡോ. ജോർജ്ജ് താനത്തുപറമ്പിൽ അച്ചനും, ഒരു വർഷത്തെ സ്തുത്യർഹമായ സേവനത്തിനു ശേഷം സ്ഥലം മാറിപോകുന്ന റവ. ഫാ. സിറിയക് മഞ്ഞക്കടമ്പിൽ അച്ചനും, റവ. ഫാ. വർഗീസ് കണ്ണാടൻ അച്ചനും, ഫാ. ആൽബിൻ കരിമാക്കിൽ അച്ചനും മാതൃവേദി ഭാരവാഹികളും അമ്മമാരും ചേർന്ന് സ്നേഹോഷ്മളമായ യാത്രാ മംഗളങ്ങൾ നേർന്നു.

സ്തുത്യർഹമായ സേവനത്തിനുശേഷം നമ്മുടെ ഇടവകയിൽ നിന്നും
കലയന്താനി പള്ളിയുടെ വികാരിയായി സ്ഥലം മാറിപ്പോകുന്ന
**ബഹു.ഡോ.ജോർജ് താനത്തുപറമ്പിൽ** അച്ചന്
ഇടവകക്കുടുംബത്തിന്റെ
**യാത്രാമംഗളങ്ങൾ**





സ്തുത്യർഹമായ സേവനത്തിനുശേഷം
നമ്മുടെ ഇടവകയിൽ നിന്നും
കാളിയാർ പള്ളിയിലേക്ക്
സ്ഥലം മാറിപ്പോകുന്ന
**ബഹു.സിറിയക്** അച്ചന്
ഇടവകക്കുടുംബത്തിന്റെ
**യാത്രാമംഗളങ്ങൾ**



സ്തുത്യർഹമായ സേവനത്തിനുശേഷം
നമ്മുടെ ഇടവകയിൽ നിന്നും
മുവാറ്റുപുഴ പള്ളിയിലേക്ക്
സ്ഥലം മാറിപ്പോകുന്ന
**ബഹു.വർഗീസ്** അച്ചന്
ഇടവകക്കുടുംബത്തിന്റെ
**യാത്രാമംഗളങ്ങൾ**



മൂന്നു മാസത്തെ
സ്തുത്യർഹമായ സേവനത്തിനുശേഷം
നമ്മുടെ ഇടവകയിൽ നിന്നും
മിഷൻ പ്രവർത്തനങ്ങൾക്കായി പോകുന്ന
**ബഹു.ആൽബിൻ** അച്ചന്
ഇടവകക്കുടുംബത്തിന്റെ
**യാത്രാമംഗളങ്ങൾ**

# ഇടവക കുടുംബത്തിന്റെ

# സ്വാഗതം



റവ.ഫാ.സെബാസ്റ്റ്യൻ ആരോലിച്ചാലിൽ

# ഇടവക കുടുംബത്തിന്റെ

# സ്വാഗതം



റവ.ഫാ.ജോസഫ് കാരക്കുന്നേൽ



റവ.ഫാ.സ്കറിയ മെതിപ്പാറ


NEAL SOLAR
A NEAL INDUSTRIES COMPANY
KSEB
MNRE APPROVED
സബ്സിഡി പ്രോഗ്രാം
Up to ₹ 78,000
സബ്സിഡി
UP TO 30 YEARS WARRANTY
Enphase Micro Inverter &
Deye Hybrid Inverter Available.
LOAN AVAILABLE
SCAN ME FOR
FREE CONSULTATION
HAVELLS UTL adani Deye WAAREE ENPHASE
+91 85890 67771, +91 85890 67770
ERNAKULAM | TRIVANDRUM | THODUPUZHA www.nealsolar.com

# സ്നേഹസ്മരണയ്ക്ക്......

5–ാം ചരമവാർഷികം | 16–ാം ചരമവാർഷികം



## ജോൺ ചാക്കോ

ജനനം: 05–02–1927
മരണം: 16–06–2020

## റോസക്കുട്ടി ജോൺ

ജനനം: 19–01–1931
മരണം : 02–06–2009

## കൊച്ചുപറമ്പിൽ

### കുന്നം, മുതലക്കോടം

ജീവിതത്തിൽ നിങ്ങൾ ഞങ്ങളെ സ്നേഹിച്ചതുപോലെ
നിങ്ങളുടെ പ്രാർത്ഥനയിൽ ഞങ്ങളേയുംകൂടി ഓർക്കേണമെ

സ്നേഹസ്മരണയ്ക്ക്......

## 1-ാം ചരമവാർഷികം



# ഏലിക്കുട്ടി പൗലോസ്

## മഠത്തികണ്ടത്തിൽ

### മുതലക്കോടം

ജനനം : 26-07-1929 മരണം : 06-06-2024

"ഞാൻ നിങ്ങളിൽ നിന്നും വേർപിരിഞ്ഞെങ്കിലും എന്റെ സ്നേഹം
എപ്പോഴും നിങ്ങളുടെ കൂടെ ഉണ്ടായിരിക്കും.
നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും ഓർക്കേണമെ."

# സ്നേഹസ്മരണയ്ക്ക്......



**4–ാം ചരമവാർഷികം**

**ജോൺ ഉലഹന്നാൻ**
**(കുഞ്ഞേട്ടൻ)**

ജനനം: 10–07–1928
മരണം: 25–01–2021

**3–ാം ചരമവാർഷികം**

**മറിയക്കുട്ടി ജോൺ**

ജനനം: 20–09–1930
മരണം: 23–06–2022

**നെടുങ്കല്ലേൽ, മുതലക്കോടം**

ജീവിതത്തിൽ നിങ്ങൾ ഞങ്ങളെ സ്നേഹിച്ചതുപോലെ
നിങ്ങളുടെ പ്രാർത്ഥനയിൽ ഞങ്ങളെയുംകൂടി ഓർക്കണമേ

**സ്വാഗതം :-** മുതലക്കോടം ഇടവകയുടെ വികാരിയായി ചാർജ് എടുത്ത ബഹു. റവ. ഫാ. സെബാസ്റ്റ്യൻ ആരോലിച്ചാലിൽ അച്ചന് മാതൃവേദി സംഘടനയിലേക്ക് ഹൃദ്യമായ സ്വാഗതം.

**മാതൃദിനം :-** യൂണിറ്റിൽ മാതൃദിനം ആഘോഷിച്ചു.

**ജൂൺ മാസ സമ്മേളനം :-** 01.06.2025 ആദ്യഞായർ ഉച്ചകഴിഞ്ഞ് 2 മണിക്ക് കോൺഫറൻസ് ഹാളിൽ വെച്ച് നടത്തപ്പെടും.

## കത്തോലിക്കാ കോൺഗ്രസ്

## ഫ്രാൻസിസ് പാപ്പ അനുസ്മരണം

സംഘടനയുടെ രൂപതാ കേന്ദ്രത്തിന്റെ ആഹ്വാനമനുസരിച്ച് 07.05.2025 ന് ഫ്രാൻസിസ്പാപ്പ അനുസ്മരണം നടത്തി. സ്ഥാനാരോഹണം നടന്ന 2013 മുതൽ ദിവംഗതനായ 2025 വരെയുള്ള കാലഘട്ടത്തിലെ ഫ്രാൻസിസ്പാപ്പയുടെ ആദ്ധ്യാത്മിക ജീവിതത്തെ പരാമർശിച്ച് റവ. ഡോ. ജോർജ് താനത്തുപറമ്പിൽ, ഫാ. സിറിയക് മഞ്ഞക്കടമ്പിൽ, ഫാ. വർഗീസ് കണ്ണാടൻ, ഫാ. ആൽബിൻ കരിമാക്കിൽ, പ്രൊഫ. ജോജോ ജോസഫ് എന്നിവർ അനുസ്മരണ പ്രഭാഷണങ്ങൾ നടത്തി. ചാവറയച്ചൻ, സി. മറിയം ത്രേസ്യ, സി. എവുപ്രാസിയ, 18-ാം നൂറ്റാണ്ടിൽ ക്രിസ്തുമതം സ്വീകരിച്ച് ക്രിസ്തുവിന് സാക്ഷ്യം വഹിച്ച ദേവസഹായം പിള്ള എന്നീ ഭാരതീയരെ ഫ്രാൻസിസ് പാപ്പ വിശുദ്ധരായി പ്രഖ്യാപിച്ചു. ബംഗ്ലാദേശ്, മ്യാൻമർ, സൗത്ത് സുഡാൻ തുടങ്ങിയ അവികസിത രാജ്യങ്ങൾ സന്ദർശിച്ചു. പ്രശസ്തമായ "Laudato si', 'Fratelli tutti" എന്നിവ ഉൾപ്പെടെ നാല് ചാക്രിക ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു. ശ്രീനാരായണ ഗുരു 1924-ൽ ആലുവയിൽ സംഘടിപ്പിച്ച സർവമതസമ്മേളനത്തിന്റെ 100-ാം വാർഷികം നടന്നത് വത്തിക്കാനിലായിരുന്നു എന്നും പ്രസ്തുത പരിപാടിയിൽ ഗുരുവിനെ പരാമർശിച്ച് ഫ്രാൻസിസ് പാപ്പ നടത്തിയ പ്രഭാഷണം ലോക ശ്രദ്ധ നേടിയെന്നും യോഗം അനുസ്മരിച്ചു.





## ഡയറക്ടറുടെ പ്രവർത്തനങ്ങൾ ശ്ലാഘനീയം

2021 ഫെബ്രുവരിയിൽ നടന്ന പുനഃസംഘടന മുതൽ 2025 മെയ് മാസം വരെ സംഘടനയുടെ ഡയറക്ടർ ആയിരുന്ന റവ. ഡോ. ജോർജ് താനത്തുപറമ്പിൽ അച്ചൻ കത്തോലിക്ക കോൺഗ്രസിന്റെ സമഗ്ര വളർച്ചക്ക് നൽകിയ സംഭാവനകൾ അമൂല്യമാണ് എന്ന് 07.05.2025-ൽ ചേർന്ന വർക്കിംഗ് കമ്മറ്റി വിലയിരുത്തി. ഇക്കാലയളവിൽ സംഘടന സാമുദായിക - കാർഷിക - സാമൂഹിക വിഷയങ്ങളിൽ നടത്തിയ ഇടപെടലുകളിലും പ്രവർത്തനങ്ങളിലും അച്ചന്റെ മായാത്ത കൈയൊപ്പ് പതിഞ്ഞിട്ടുണ്ട്. അഞ്ച് വർഷത്തെ സേവനത്തിന് ശേഷം കലയന്താനി സെന്റ് മേരീസ് ദേവാലയത്തിലേക്ക് സ്ഥലം മാറിയ ഡയറക്ടറുടെ സേവനങ്ങൾക്ക് യോഗം കൃതജ്ഞത അർപ്പിച്ചു.

## 107-ാം ജന്മദിനം

കത്തോലിക്കാ കോൺഗ്രസിന്റെ 107-ാം ജന്മദിന സമ്മേളനം മെയ് 17, 18 തീയതികളിൽ പാലക്കാട് നടന്നു. സമ്മേളനത്തിൽ മുതലക്കോടം യൂണിറ്റിൽ നിന്നും പ്രതിനിധികൾ പങ്കെടുത്തു.

## ആഗോള കത്തോലിക്കാ സഭക്ക് പുതിയ തലവൻ

ഫ്രാൻസിസ്പാപ്പയുടെ നിര്യാണത്തെ തുടർന്ന് തിരഞ്ഞെടുക്കപ്പെട്ട് സഭയുടെ 267-ാമത്തെ മാർപാപ്പയായി മെയ് 18 ന് സ്ഥാനാരോഹിതനായ ലെയോ പതിനാലാമന് സംഘടനയുടെ പ്രത്യേക യോഗം സ്വാഗതമരുളി.

## സെന്റ് വിൻസെന്റ് ഡീപോൾ സൊസൈറ്റി
## സെന്റ് ജോർജ് കോൺഫറൻസ് മുതലക്കോടം

* എല്ലാ ഞായറാഴ്ചയും 8.30ന് ഓഫീസിൽ മീറ്റിംഗും പ്രാർത്ഥനയും നടത്തുന്നു. കോൺഫറൻസ് തീരുമാനം അനുസരിച്ച് 8 ദത്തു കുടുംബങ്ങൾക്ക് സഹായങ്ങൾ എത്തിക്കുന്നു. നാല് വ്യക്തികൾക്ക് ചികിത്സാ സഹായം നൽകി. കിടപ്പുരോഗികളെയും, സഹായം അർഹിക്കുന്നവരെയും കണ്ടെത്തുവാനും പ്രാർത്ഥിക്കുവാനും ആയി കോൺഫ്രൻസ് അംഗങ്ങളുടെ ഭവന സന്ദർശനം തുടരുന്നു.
* മുതലക്കോടം AC വാർഷികത്തിൽ എല്ലാ അംഗങ്ങളും പങ്കെടുത്തു. സ്ഥലം മാറിയ വികാരി റവ. ഡോ. ജോർജ് താനത്തുപറമ്പിൽ അച്ചനും കൊച്ചച്ചന്മാർക്കും സംയുക്തമായി യാത്രയയപ്പ് നൽകി. പുതിയതായി ചാർജെടുത്ത വികാരി ഫാ. സെബാസ്റ്റ്യൻ ആരോലിച്ചാലിൽ അച്ചന് പ്രാർത്ഥനാശംസകൾ നേർന്നു. Vincent De Paul Muthalakodam Conference ന്റെ Platinum Jubilee (75 Years) ഭാഗമായി ഇടവക അംഗമായ ഒരു വ്യക്തിക്ക് വീട് പണിതു കൊടുക്കുന്നതിന് തീരുമാനിച്ചു.

## വിൻസെന്റ് ഡീപോൾ (വനിതാ വിഭാഗം)



- എല്ലാ തിങ്കളാഴ്ചയും 10.30 am ന് ജപമാലയോടുകൂടി വിൻസെൻഷ്യൻ അംഗങ്ങൾ സമ്മേളിക്കുന്നു.

- കോൺഫ്രൻസ് പ്രസിഡന്റ് സി. ജസി ജോർജ് പള്ളത്തിന്റെ കാലാവധി തീർന്നതിനാൽ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു.

| | |
|---|---|
| പ്രസിഡന്റ് | - സി. മെർലി ജയിംസ്, മുടയനേഴത്ത് |
| വൈസ് പ്രസിഡന്റുമാർ | - സി. ജസ്സി ജോർജ് പള്ളത്ത് |
| | സി. എൽസി ജോസ് കുന്നത്ത് |
| സെക്രട്ടറി | - സി. ഗ്രേസി ഇ.കെ. കുരുവിലാക്കൽ |
| ജോയിന്റ് സെക്രട്ടറി | - സി. ഫാൻസി അഗസ്റ്റിൻ കാരയ്ക്കാട്ട് |
| ട്രഷറർ | - ഗ്രേസമ്മ വർഗീസ് തെക്കേചെരിവിൽ |

ബഹുമാനപ്പെട്ട വികാരി റവ. ഡോ. ജോർജ് താനത്തുപറമ്പിൽ അച്ചൻ ചൊല്ലിക്കൊടുത്ത സത്യവാചകം ഏറ്റുചൊല്ലി ഭാരവാഹികൾ സ്ഥാനം ഏറ്റെടുത്തു.

- 06.05.205 ൽ AC (ഏരിയാ കൗൺസിൽ) വാർഷികം ബഹു. വികാരി ജോർജ് താനത്തുപറമ്പിൽ അച്ചൻ ഉദ്ഘാടനം ചെയ്തു.
- AC യിലെ ഏറ്റവും നല്ല കോൺഫ്രൻസ് ആയി മുതലക്കോടം വനിതാ കോൺഫ്രൻസ് തെരഞ്ഞെടുക്കപ്പെടുകയും, ഏറ്റവും നല്ല കോൺഫ്രൻസിനുള്ള മൊമെന്റോ ഭാരവാഹികൾ വാങ്ങുകയും ചെയ്തു.
- 12.05.2025 ൽ, ബഹു. വികാരി റവ. ഡോ. ജോർജ് താനത്തുപറമ്പിൽ, അസിസ്റ്റന്റ് വികാരിമാരായ ഫാ. സിറിയക് മഞ്ഞക്കടമ്പിൽ, ഫാ. വർഗീസ് കണ്ണാടൻ, ഫാ. ആൽബിൻ കരിമാക്കിൽ എന്നിവർക്ക് പുരുഷ - വനിതാ കോൺഫ്രൻസുകൾ സംയുക്തമായി യാത്രയയപ്പ് നൽകി.
- ചികിൽസാ സഹായം - 1, വിവാഹ സഹായം - 1, ദത്തുകുടുംബ സന്ദർശനം - 41, രോഗീ സന്ദർശനം - 108, ഭവനസന്ദർശനം - 150, സാന്ത്വന സന്ദർശനം - 35

## യൂദിത്ത് നവോമി ഫോറം

യൂദിത്ത് നവോമി ഫോറത്തിന്റെ ആഭിമുഖ്യത്തിൽ കഴിഞ്ഞ ഒരു വർഷക്കാലമായി St. George Spiritual and Cultural Centre ൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന നൃത്തപഠന ക്ലാസ്സുകളുടെ പുതിയ ബാച്ച് ഫൊറോനാ ഡയറക്ടർ റവ. ഡോ. ജോർജ് താനത്തുപറമ്പിൽ അച്ചനും, രൂപതാ ഡയറക്ടർ റവ. ഫാ. ജോസ് കിഴക്കയിലും സംയുക്തമായി ഉദ്ഘാടനം ചെയ്തു.

Sr. റെജിൻ (എഡ്യൂക്കേഷണൽ കൗൺസിലർ കോതമംഗലം) ആശംസ നൽകി. ഫൊറോന പ്രസിഡന്റ് ശ്രീമതി ഹെലൻ തുറയ്ക്കൽ, ശ്രീമതി ലിസി സെബാസ്റ്റ്യൻ എന്നിവർ നേതൃത്വം നൽകി.

## ദീപിക ഫ്രണ്ട്സ് ക്ലബ്ബ്

- 06.05.2025 ന് മൂവാറ്റുപുഴ നെസ്റ്റ് പാസ്ട്രൽ സെന്ററിൽ വച്ച് നടന്ന ഡി.എഫ്.സി. രൂപതാ, ഫൊറോനാ ഭാരവാഹികളുടെ മീറ്റിങ്ങിൽ ഇടവകയിലെ ഡി.എഫ്.സി. പ്രതിനിധികൾ പങ്കെടുത്തു.
- 18.05.2025 ന് പാറപ്പുഴ സെന്റ് ജോസഫ് ദേവാലത്തിൽ വച്ച് നടന്ന ഡി.എഫ്.സി. ഫൊറോന ഭാരവാഹികളുടെ മീറ്റിങ്ങിൽ ഇടവകയിലെ ഡി.എഫ്.സി. പ്രതിനിധികൾ പങ്കെടുത്തു.
- ഡി.എഫ്.സി. രൂപതാ ഡയറക്ടറായി പുതുതായി ചാർജെടുക്കുന്ന ആന്റണി പുത്തൻകുളം അച്ചന് സ്വീകരണം നൽകുന്നതിനും, മുൻ രൂപതാ ഡയറക്ടർ ജോസ് കിഴക്കേൽ അച്ചനെ യാത്രയാക്കുന്നതിനുമായി 19.05.2025 ന് വിളിച്ചു ചേർത്ത പ്രത്യേക മീറ്റിങ്ങിനും ഇടവകയിൽ നിന്ന് പ്രതിനിധികൾ പങ്കെടുത്തിരുന്നു.

## കേരള ലേബർ മൂവ്മെന്റ് (KLM)

2025 മെയ് - ജൂൺ മാസങ്ങളിൽ ഇൻഷുറൻസ് കാലാവധി തീർന്ന അംഗങ്ങൾ ഇൻഷുറൻസ് പുതുക്കാൻ ഓർമ്മപ്പെടുത്തുന്നു.

KLM ന്റെ PSSSP ഇൻഷുറൻസിൽ ചേരാൻ ആഗ്രഹിക്കുന്ന ഇടവകക്കാർ ഇനി മുതൽ പാരീഷ് ഓഫീസുമായി ബന്ധപ്പെടുക. ഫോൺ നമ്പർ 8281717867





# കുടുംബവാർത്തകൾ



## നവദമ്പതികൾ

| നം | പേര് | വീട്ടുപേര് | ഇടവക | വിവാഹം |
|---|---|---|---|---|
| 01 | പവിൻ<br>ദിവ്യ ബാബു | പറകുന്നത്തുകുടി<br>കണ്ണാത്തുകുഴിയിൽ | മാതിരപ്പിള്ളി<br>മുതലക്കോടം | 04/05/2025 |
| 02 | അരുൺ കെ. ജോർജ്<br>ഐറിൻ പോൾ | കരിമ്പനച്ചുവട്ടിൽ<br>ചക്കാലയ്ക്കൽ | മുതലക്കോടം<br>മേലാടൂർ | 05/05/2025 |
| 03 | മാത്യൂസ് ഇമ്മാനുവൽ<br>സിനു | അറയ്ക്കൽ<br>തുണ്ടത്തിൽ | മുതലക്കോടം<br>കരിമണ്ണൂർ | 13/05/2025 |
| 04 | എബി<br>അഞ്ചു കെ. ജെ. | ബലിക്കുന്നേൽ<br>കണ്ടോളിൽ | കാളിയാർ<br>മുതലക്കോടം | 18/05/2025 |
| 05 | എബി<br>ജെസ്ന | കുറത്തറ<br>വേങ്ങൂരാൻ | മുതലക്കോടം<br>വെൺമണി | 22/05/2025 |

## പുതുമലരുകൾക്ക് സ്വാഗതം



വീട്ടുപേര് : വെമ്പാല
മാമ്മോദീസാ പേര് : ആന്റണി
വിളിപ്പേര് : ആന്റൺ സാജു തോമസ്
മാതാപിതാക്കൾ : ആന്റണി - എലിസബത്ത്
മാമ്മോദീസാ : 29/04/2025

വീട്ടുപേര് : മൈലാടൂർ
മാമ്മോദീസാ പേര് : ഏലി
വിളിപ്പേര് : എറിൻ ജിമ്മി
മാതാപിതാക്കൾ : ജോർജ് - അന്നമ്മ
മാമ്മോദീസാ : 01/05/2025

വീട്ടുപേര് : ഉമ്മനാൽപുത്തൻപുരയിൽ
മാമ്മോദീസാ പേര് : സെബാസ്റ്റ്യൻ
വിളിപ്പേര് : ഇസഹാക്ക് കുര്യൻ
മാതാപിതാക്കൾ : കുര്യൻ - മറിയം
മാമ്മോദീസാ : 03/05/2025

വീട്ടുപേര് : താന്നിയ്ക്കൽ
മാമ്മോദീസാ പേര് : ജെർത്രൂദ്
വിളിപ്പേര് : സെഫാനിയ മറിയം ഷെസ്റ്റിൻ
മാതാപിതാക്കൾ : ജോസഫ് - മരീന
മാമ്മോദീസാ : 08/05/2025

വീട്ടുപേര് : വെട്ടിയാംപുറം
മാമ്മോദീസാ പേര് : അന്ന
വിളിപ്പേര് : ഹിരണ്യ കിഷോർ
മാതാപിതാക്കൾ : കിഷോർ - അൽഫോൻസ
മാമ്മോദീസാ : 10/05/2025

വീട്ടുപേര് : അറയ്ക്കൽ
മാമ്മോദീസാ പേര് : ഫിലോമിന
വിളിപ്പേര് : ഇസ
മാതാപിതാക്കൾ : മാത്യൂസ് - റോസമ്മ
മാമ്മോദീസാ : 21/05/2025

വീട്ടുപേര് : പെരിയകോട്ടിൽ
മാമ്മോദീസാ പേര് : മരിയ
വിളിപ്പേര് : ബെല്ല മരിയ ബിബിൻ
മാതാപിതാക്കൾ : മാത്യു - റോസ്
മാമ്മോദീസാ : 21/05/2025





## നിത്യതയിലേയ്ക്ക് വിളിക്കപ്പെട്ടവർ

അന്നക്കുട്ടി ജോൺ (89)
കയ്യാണിക്കുന്നേൽ
ഇടിക്കിട്ടി വാർഡ്
മരണം : 12/05/2025

അലക്സ് ജോൺ (40)
പാറശ്ശേരിയിൽ
സ്നേഹാലയം വാർഡ്
മരണം : 14/05/2025

ഏലിക്കുട്ടി മത്തായി (94)
പാലിയത്ത്
പഴക്കാകുളം നോർത്ത് വാർഡ്
മരണം : 15/05/2025

### വരും ദിനങ്ങൾ

| | | |
|---|---|---|
| 01 | ഞായർ | വി. ജസ്റ്റിൻ |
| 06 | വെള്ളി | ആദ്യവെള്ളി |
| 08 | ഞായർ | പന്തക്കുസ്താ തിരുനാൾ, വി. മറിയം ത്രേസ്യാ |
| 09 | തിങ്കൾ | വി. അപ്രേം |
| 11 | ബുധൻ | വി. ബർണ്ണബാസ് ശ്ലീഹ |
| 13 | വെള്ളി | പാദുവായിലെ വി. അന്തോണീസ്, സ്വർണ്ണവെള്ളി |
| 15 | ഞായർ | പരി. ത്രിത്വത്തിന്റെ തിരുനാൾ |
| 19 | വ്യാഴം | പരി. കുർബാനയുടെ തിരുനാൾ |
| 22 | ഞായർ | വി. ജോൺ ഫിഷർ, വി. തോമസ് മൂർ |
| 24 | ചൊവ്വ | വി. യോഹന്നാൻ മാംദാനയുടെ ജനനം, നിത്യസഹായ മാതാവ് |
| 27 | വെള്ളി | ഈശോയുടെ തിരുഹൃദയ തിരുനാൾ |
| 28 | ശനി | മാതാവിന്റെ വിമലഹൃദയ തിരുനാൾ |
| 29 | ഞായർ | വി. പത്രോസ്, വി.പൗലോസ് ശ്ലീഹന്മാർ |

## വിവാഹ ഒരുക്ക സെമിനാർ

മൂവാറ്റുപുഴ നെസ്റ്റ്

**2025 ജൂൺ 5 - 7, 19 - 21**

ഫോൺ : 0485 -2830035 (10.00 - 4.00) , മൊബൈൽ : 9495011191, 9539658158

Online on : www.familyapostalateklm.com





ചോദ്യങ്ങൾ മത്തായി 6 മുതൽ 10 വരെ അദ്ധ്യായങ്ങളിൽ നിന്നാണ്.

ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി ജൂൺ 20

**BIBLE QUIZ**

1. എത്ര വർഷമായി രക്ത സ്രാവം പിടിപെട്ട സ്ത്രീയെയാണ് യേശു സുഖപ്പെടുത്തിയത് ?
2. ആർക്ക് പ്രതിഫലം ലഭിക്കാതിരിക്കുകയില്ലെന്നാണ് ഈശോ പറഞ്ഞത് ?
3. "കർത്താവേ, കർത്താവേ എന്ന് എന്നോടു വിളിച്ചപേക്ഷിക്കുന്നവനല്ല എന്റെ സ്വർഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണ് സ്വർഗരാജ്യത്തിൽ പ്രവേശിക്കുക" അദ്ധ്യായവും വാക്യവും എഴുതുക.
4. "ബലിയല്ല കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത്" അദ്ധ്യായവും വാക്യവും എഴുതുക.
5. ആരെയാണ് യേശു വിവേകമതിയായ മനുഷ്യർ എന്ന് വിളിക്കുന്നത് ?
6. എന്തായിരുന്നു അന്ധന്മാരുടെ അപേക്ഷ ?
7. ആരെപ്പോലെയാണ് ക്രിസ്തു പഠിപ്പിച്ചത് ?
8. മത്തായിയെ എവിടെനിന്നാണ് ക്രിസ്തു ശിഷ്യനായി തിരഞ്ഞെടുത്തത് ?
9. അപ്പസ്തോലന്മാർക്ക് നൽകിയ അധികാരം എന്താണ് ?
10. വിധി ദിവസം ഏതു പട്ടണത്തെക്കാൾ ആശ്വാസമുണ്ടാകുമെന്നാണ് ഈശോ പറഞ്ഞത് ?

## കഴിഞ്ഞലക്കം ഉത്തരങ്ങൾ

1. ഗലീലി
2. ശത്രുക്കളെ സ്നേഹിച്ചും, പീഡിപ്പിക്കുന്നവർക്ക് വേണ്ടി പ്രാർത്ഥിച്ചും
3. ദൈവം നമ്മോടുകൂടെ
4. മത്തായി 5:16
5. തുരുമ്പും കീടങ്ങളും നശിപ്പിക്കില്ല, കള്ളന്മാർ മോഷ്ടിക്കുകയില്ല.
6. ഹേറോദേസ്
7. കപടനാട്യക്കാരെപ്പോലെ
8. "എന്നെ അനുഗമിക്കുക. ഞാൻ നിങ്ങളെ മനുഷ്യരെപ്പിടിക്കുന്നവരാക്കാം"
9. കല്ലുകളെ അപ്പമാക്കാൻ
10. ഗലീലി, ദക്കാപ്പോളിസ്, ജറുസലേം, യൂദയാ, ജോർദാന്റെ മറുകര

## കഴിഞ്ഞലക്കം വിജയികൾ

1. റീന ജോസ് കൊരട്ടിപ്പറമ്പിൽ
2. എൽസി ജോസഫ് കുന്നുമ്മേൽ
3. ടെസ്സി സെബാസ്റ്റ്യൻ കട്ടപ്പുറം
4. ജെറമിയ സിനോ പാലോട്ടുകുന്നേൽ
5. റോസമ്മ പോൾ കൊച്ചുപറമ്പിൽ
6. മേരി ജോർജ് പാലക്കാട്ട്
7. ബീന ജെയ്സൺ കൂട്ടുങ്ങൽ
8. ലിസി ജോസ് കുന്നത്ത്
9. സാറാമ്മ ഫിലിപ്പ് പുല്ലാനപ്പിള്ളിൽ
10. ആലീസ് ബേബി കോഴിക്കോട്ട്





## വാർഡ് പ്രാർത്ഥന ജൂൺ 2025

| തീയതി | വാർഡ് | ഭവനം |
|---|---|---|
| 02.06.2025 | പഴുക്കാകുളം കുരിശുപള്ളി<br>കാരൂപ്പാറ<br>മുതലക്കോടം | റോയി ലൂക്ക് പുത്തൻകുളത്തിൽ<br>ബിജു ജോസഫ് തെക്കേക്കര<br>സണ്ണി തൊട്ടിയിൽ |
| 03.06.2025 | നെല്ലിക്കുഴി<br>ഞറുക്കുറ്റി<br>മാവിൻചുവട് | ജോവാൻ ജേക്കബ് കൊണ്ടൂർ<br>മാനുവൽ സെബാസ്റ്റ്യൻ കരിങ്ങാട്ടിൽ<br>ടി.ജെ. ജോൺ താന്നിയ്ക്കൽ |
| 04.06.2025 | പഴുക്കാകുളം കിഴക്ക്<br>കുന്നം കുരിശുപള്ളി<br>പഴുക്കാകുളം | ബേബി ഓണാട്ട്<br>ജിംസൺ ജോസ് കൂടക്കാട്ട്<br>എൻ.പി. ബേബി ഞാളൂർ |
| 09.06.2025 | ഏഴുമുട്ടം<br>കുന്നം കിഴക്ക്<br>ഞരളക്കാട് ബി | ഷെർളിച്ചൻ മാത്യു മുണ്ടിയാനിപ്പുറം |
| 10.06.2025 | ഇടിക്കിട്ടി<br>ഞരളക്കാട് എ<br>കാഞ്ഞിരംപാറ | ഫിലോമിന മാത്യു ഈയ്യപ്പാട്ട്<br>ജോസ് വള്ളിക്കാട്ട്<br>സിജോ വർഗീസ് കാഞ്ഞിരംപാറയിൽ |
| 11.06.2025 | കനാൽ<br>കനാൽ കിഴക്ക്<br>കുന്നം പടിഞ്ഞാറ് | കെ. വി. ജോർജ് കുന്നുമ്മേൽ<br>അലോഷ്യസ് ജോൺ കുഴികണ്ടത്തിൽ<br>ലൂസി പുളിയ്ക്കൽ |
| 16.06.2025 | ഉരുളക്കോട്<br>സാപിയൻസ്യ<br>അണ്ണായിക്കണ്ണം | പി.റ്റി. ജോസഫ് പടിഞ്ഞാറേമുറിയിൽ<br><br>വർഗീസ് മലേപ്പറമ്പിൽ |
| 17.06.2025 | കനാൽ നോർത്ത്<br>കോണിക്കമ്യാൽ<br>താബോർ | ഷാജി അഗസ്റ്റിൻ പീടികപ്പറമ്പിൽ<br>ഷെല്ലി അഗസ്റ്റിൻ ചെമ്പരത്തി<br>ഷാജി പാലിയക്കുന്നേൽ |





| തീയതി | വാർഡ് | ഭവനം |
|---|---|---|
| | ചിറക്കണ്ടം | ഷാജി ജോൺ ഇലഞ്ഞിക്കൽ |
| 18.06.2025 | കുന്നം | ജോമോൻ അറയ്ക്കൽ |
| | മുതലക്കോടം ടൗൺ | ജോസ് തോമസ് കുന്നുംമ്മേൽ |
| | ശാസ്താംപാറ | അന്നമ്മ കുരുവിള മുരിക്കുംതോട്ടത്തിൽ |
| 23.06.2025 | ആർപ്പാമറ്റം | ജോസ് വാതപ്പിള്ളിൽ |
| | മുതലക്കോടം നോർത്ത് | ബേബി ജോസഫ് ഊരക്കാട്ട് |
| | കൊതകുത്തി | മൈക്കിൾ ജോർജ് തൊട്ടിപ്പറമ്പിൽ |
| 24.06.2025 | സാൻജോ | ബേബി പടിഞ്ഞാറേക്കൂറ്റ് |
| | സ്നേഹാലയം | അഗസ്റ്റ്യൻ വർക്കി വട്ടക്കുടിയിൽ |
| | മഠത്തിക്കണ്ടം | |
| 25.06.2025 | മുതലക്കോടം സ്റ്റേഡിയം | ജോർജ് കെ. ജെ. കരീത്തറ |
| | മഞ്ഞാട്ടുകവല | സേവ്യർ വെട്ടിക്കുഴിച്ചാലിൽ |
| | പെട്ടേനാട് എ | ജോൺ ചാക്കോ താന്നിയ്ക്കൽ |
| 30.06.2025 | വടക്കുംമുറി | സജിത്ത് മാത്യു കണ്ടിരിക്കൽ |
| | പാങ്ങാംപാറ | ജോസഫ് പി.വി ആർപ്പാമറ്റംപുത്തൻപുരയിൽ |
| | പെട്ടേനാട് ബി | ജോയി ജോസഫ് കാവുംപുറത്ത് |
| 01.07.2025 | പഴുക്കാകുളം നോർത്ത് | ജോർജ് ജോസഫ് തുരുത്തിക്കാട്ട് |
| | പട്ടയംകവല | പോൾ പള്ളിക്കുന്നേൽ |
| | മുതലക്കോടം സൗത്ത് | സജി ജോസഫ് തുറയ്ക്കൽ |
| 02.07.2025 | തൊണ്ടിക്കുഴ എ | സോജൻ പൊട്ടൻപ്ലാക്കൽ |
| | തൊണ്ടിക്കുഴ ബി | മനോജ് കാഞ്ഞിരത്താംതൊട്ടിയിൽ |
| | തൊണ്ടിക്കുഴ സ്കൂൾ | പി.ജെ തോമസ് പാറയിൽ |
| 07.07.2025 | കാരിക്കോട് | ജോർജ് ജോൺ കൊച്ചുപറമ്പിൽ |
| | സെന്റ്. ജോർജ്ജ് ഹൈസ്കൂൾ | അഗസ്റ്റ്യൻ പൈലി ആക്കപ്പടിക്കൽ |





# തിരുനാൾ പ്രസുദേന്തിമാർ 2025

(29.04.2025 മുതൽ 22.05.2025 വരെ ലഭിച്ചത്)

### വാർഡ് – 1 പഴുക്കാകുളം കുരിശുപള്ളി

| | | |
|---|---|---|
| മണിമലക്കണ്ടത്തിൽ | ബെന്നി പീറ്റർ | 500/- |

### വാർഡ് – 2 നെല്ലിക്കുഴി

| | | |
|---|---|---|
| പള്ളത്ത് | ജോൺ പി.പി. | 500/- |
| കളപുരയിൽ | റെജു പോൾ | 1000/- |

### വാർഡ് – 3 പഴുക്കാകുളം ഈസ്റ്റ്

| | | |
|---|---|---|
| വട്ടക്കുഴിയിൽ | മാത്യു വി.ടി | 500/- |

### വാർഡ്– 4 കാരൂപ്പാറ

| | | |
|---|---|---|
| മുണ്ടക്കമറ്റത്തിൽ | മാത്യു പൈലി | 400/- |
| തൈക്കേടശ്ശേരിൽ | മാർട്ടിൻ തോമസ് | 500/- |
| വട്ടക്കുന്നേൽ | ജോൺ വർക്കി | 500/- |

### വാർഡ് – 5 ഞറക്കുറ്റി

| | | |
|---|---|---|
| തെക്കേത്തൊട്ടിയിൽ | ജോസഫ് ടി. എ. (സിബി) | 500/- |
| തോട്ടത്തിമ്യാലിൽ | മാത്യു ടി. സി. | 200/- |
| ചെമ്മായത്ത് | സി.ജെ ഫ്രാൻസിസ് | 300/- |
| അറയ്ക്കൽ | സെബാസ്റ്റ്യൻ തോമസ് | 500/- |
| ആമിക്കാട്ട് | ജോസ് എം. കെ. | 500/- |

### വാർഡ് –6 ഏഴുമുട്ടം

| | | |
|---|---|---|
| അടപ്പൂർ | ജോസഫ് | 500/- |
| തെക്കേകുറ്റിപാലയ്ക്കൽ (തുറയ്ക്കൽ) | ലീലാമ്മ കുര്യൻ | 500/- |

### വാർഡ്– 7 ഇടിക്കിട്ടി

| | | |
|---|---|---|
| നടുപ്പറമ്പിൽ | ആഗസ്തി വർക്കി | 500/- |
| മുണ്ടയ്ക്കൽ | ജെയിൻ മാത്യു | 500/- |
| മുണ്ടയ്ക്കൽ | ട്രീസ ജോസഫ് | 500/- |

**വാർഡ് – 8 കുന്നം കിഴക്ക്**

| | | |
|---|---|---|
| കയ്യാണിക്കുന്നേൽ | സേവ്യർ ഉലഹന്നാൻ | 500/- |
| ചെങ്ങനാട്ടുകുടിയിൽ | അരുൺ ബാബു | 500/- |
| നടുപ്പറമ്പിൽ | സണ്ണി തോമസ് | 500/- |

**വാർഡ് – 9 കുന്നം കുരിശുപള്ളി**

| | | |
|---|---|---|
| മാളിയേക്കൽ | എം.സി. ഉലഹന്നാൻ | 500/- |

**വാർഡ് 10 കുന്നം**

| | | |
|---|---|---|
| അറയ്ക്കൽ | ബോബി മാനുവൽ | 1000/- |

**വാർഡ് – 12 ഞരളക്കാട് ബി**

| | | |
|---|---|---|
| കണ്ടത്തിൻകര | ബിജു ജോസഫ് (ജോർജ്) | 500/- |

**വാർഡ് – 14 കാഞ്ഞിരംപാറ വാർഡ്**

| | | |
|---|---|---|
| കാഞ്ഞിരംപാറയിൽ | ഷിജോ വർഗീസ് | 500/- |

**വാർഡ് – 15 കനാൽ**

| | | |
|---|---|---|
| ചെമ്പരത്തിക്കൽ (കളപ്പുരയിൽ) | ആഗ്നൽ അനീഷ് ജോസഫ് | 1000/- |
| ചെമ്പരത്തി കളപ്പുരയിൽ | ജോസ് തോമസ് | 500/- |

**വാർഡ് – 17 കനാൽ നോർത്ത്**

| | | |
|---|---|---|
| പനവിളാകത്ത് | ബിബിൻ സുന്ദർ | 500/- |
| കൊരട്ടിപ്പറമ്പിൽ | ജോസ് ദേവസ്യ | 500/- |
| പള്ളിത്താഴത്ത് | മാത്യു പി.എ | 200/- |

**വാർഡ് – 19 സാപിയൻസ്യ**

| | | |
|---|---|---|
| എരിമറ്റത്തിൽ | അന്നമ്മ ചാക്കോ | 500/- |
| കട്ടപ്പുറത്ത് | സെബാസ്റ്റ്യൻ ഫ്രാൻസിസ് | 500/- |
| കോട്ടയിൽ | ജിജോ ചെറിയാൻ | 1000/- |
| ചെമ്പരത്തിക്കൽ (തെക്കേൽ) | ബിജു അഗസ്റ്റിൻ | 500/- |

**വാർഡ് – 20 കോണിക്കമ്യാൽ**

| | | |
|---|---|---|
| വടക്കേൽ | ജോസ്. വി.സേവ്യർ | 500/- |
| ചെമ്പരത്തി | റോയി മാത്യു | 3000/- |

| | | |
|---|---|---|
| താഴത്തെതൊട്ടിയിൽ | ബേബി ടി.വി | 1500/- |
| തുണ്ടത്തിൽ | ജോയി അഗസ്റ്റ്യൻ | 500/- |

**വാർഡ് – 21 കുന്നം പടിഞ്ഞാറ്**

| | | |
|---|---|---|
| ചെമ്പരത്തി | ടോമിസ് ജോസഫ് | 1000/- |

**വാർഡ് – 23 താബോർ വാർഡ്**

| | | |
|---|---|---|
| എർത്തടത്തിൽ | ടോബി വർഗീസ് | 300/- |

**വാർഡ്– 24 ചിറക്കണ്ടം വാർഡ്**

| | | |
|---|---|---|
| പാട്ടുപാറയിൽ | പി. എം. മാത്യു | 250/- |

**വാർഡ്–25 ശാസ്താംപാറ**

| | | |
|---|---|---|
| പുതിയകളത്തിൽ | മേഴ്സി തങ്കച്ചൻ | 200/- |
| ഇടിയനാൽ | മറിയം ചാക്കോ | 510/- |
| ചെർണാകോട്ടിൽ | ഏലിക്കുട്ടി അഗസ്റ്റിൻ | 200/- |

**വാർഡ്–27 പട്ടയംകവല വാർഡ്**

| | | |
|---|---|---|
| ചിറപ്പുറത്ത് | സി.സി. ബേബിച്ചൻ | 300/- |
| മുതുകാംമ്പുറത്ത് | പോൾ വർഗീസ് | 500/- |
| ചാമക്കാലയിൽ | സാജു ജോൺ | 1000/- |
| ചാമക്കാലയിൽ | ബെന്നി ജോൺ | 500/- |

**വാർഡ് 28 ആർപ്പാമറ്റം വാർഡ്**

| | | |
|---|---|---|
| മറ്റപ്പിള്ളിൽ | ജോയി മാത്യു | 3000/- |
| പാറയിൽ | ജോഷി പി.സി. | 600/- |
| താഴത്തൂട്ട് | മോളി തോമസ് | 200/- |

**വാർഡ്–30 മുതലക്കോടം ടൗൺ**

| | | |
|---|---|---|
| ചെമ്പരത്തി (തെക്കേൽ) | കെ.എം.മാത്യു | 3000/- |

**വാർഡ്–31 മുതലക്കോടം നോർത്ത്**

| | | |
|---|---|---|
| പാണക്കുഴിയിൽ | ബിജു കുര്യാക്കോസ് | 5000/- |
| കോടിയിൽ | ആരോഗ്യ രാജു | 500/- |
| ഈന്തുങ്കൽ | ജഗൻ ജോർജ്ജ് | 300/- |

| | | |
|---|---|---|
| ചീമ്പാറയിൽ | ജോസ് മാത്യു | 1001/- |
| പാലനിൽക്കുംതണ്ടേൽ (കളരിമഠത്തിൽ) | ജോൺ ജോസഫ് | 500/- |

**വാർഡ് – 32 സ്നേഹാലയം**

| | | |
|---|---|---|
| കുറുംന്തോട്ടിക്കൽ | കുര്യാച്ചൻ കെ.വി | 500/- |
| ഞാളൂർ | മത്തായി എൻ.യു (മത്തച്ചൻ) | 500/- |
| മാളിയേക്കൽ | ഷെൽജി ജോർജ് | 500/- |

**വാർഡ് 33 മഠത്തിക്കണ്ടം**

| | | |
|---|---|---|
| മഠത്തിക്കണ്ടത്തിൽ | പൗലോസ് മത്തായി | 1000/- |
| ആരുംപുളിയിൽ | ഷോജി സെബാസ്റ്റ്യൻ | 500/- |
| മഠത്തിക്കണ്ടത്തിൽ | ജിനി ജെയിസൺ | 5000/- |

**വാർഡ്–34 പെട്ടേനാട് – A**

| | | |
|---|---|---|
| മാളിയേക്കൽ | കൊച്ചുറാണി വർഗീസ് | 500/- |
| മാളിയേക്കൽ | ജെയിംസ് ജോൺ | 500/- |
| കണ്ണാത്തുകുഴിയിൽ | ബാബു ജോർജ് | 500/- |
| മാളിയേക്കൽ | ഫ്രാൻസിസ് അഗസ്റ്റിൻ | 1000/- |
| കണ്ണാത്തുകുഴിയിൽ | ജോസഫ് ജോർജ് | 500/- |

**വാർഡ്–35 പെട്ടേനാട്– B**

| | | |
|---|---|---|
| വേങ്ങത്താനത്ത് | ജോസ് വി.ഇ | 500/- |

**വാർഡ്–36 സ്റ്റേഡിയം വാർഡ്**

| | | |
|---|---|---|
| മാളിയേക്കൽ | തങ്കച്ചൻ ജെയിംസ് | 5000/- |
| ചെമ്പരത്തി | പി.ടി. ജോസഫ് | 500/- |
| ചൊള്ളാമഠത്തിൽ | സി.വി. കുര്യാക്കോസ് | 500/- |

**വാർഡ്–37 സെന്റ് ജോർജ് ഹൈസ്ക്കൂൾ വാർഡ്**

| | | |
|---|---|---|
| തെക്കേച്ചെരുവിൽ | ബേബി ജോസഫ് | 5000/- |
| ആക്കപ്പടിക്കൽ | അഗസ്റ്റിൻ പൈലി | 1000/- |
| താന്നിക്കൽ | ജോൺ ദേവസ്യ | 100/- |
| ആക്കപ്പടിക്കൽ | ചാക്കോ മത്തായി | 500/- |

**വാർഡ്– 38 മാവിൻച്ചുവട്**

| | | |
|---|---|---|
| ഞാറക്കുളം | ജോൺ വി. ഞാറക്കുളം | 1500/- |
| പൊട്ടയ്ക്കൽ | സാബു | 500/- |
| അപ്പശ്ശേരിൽ | തോമസ് ചാക്കോ | 1000/- |

**വാർഡ്–39 വടക്കുംമുറി**

| | | |
|---|---|---|
| കണ്ടിരിക്കൽ | സജിത്ത് മാത്യു | 1000/- |
| പുൽപ്പറമ്പിൽ | പി.വി കുര്യാക്കോസ് | 2000/- |
| നെടുങ്ങാട്ട് | ജെയിംസ് എൻ. ജെ | 500/- |

**വാർഡ്–41 കാരിക്കോട്**

| | | |
|---|---|---|
| പൂവത്തിങ്കൽ | ജെയിംസ് പി. പോൾ | 1000/- |
| പാലംപറമ്പിൽ | പി. എ. ആഗസ്തി | 500/- |

**വാർഡ്– 42 മുതലക്കോടം**

| | | |
|---|---|---|
| പുത്തൻപുരയിൽ (തുറയ്ക്കൽ) | ബേബി ജോസഫ് | 1000/- |
| പഴുപ്ലാക്കൽ | അനിൽ ജോസഫ് | 500/- |

**വാർഡ് – 43 മുതലക്കോടം സൗത്ത് വാർഡ്**

| | | |
|---|---|---|
| നെടുംകല്ലേൽ | ജോർജ് ജോസഫ് | 500/- |

**വാർഡ്–44 തൊണ്ടിക്കുഴ സ്കൂൾ**

| | | |
|---|---|---|
| ചെറിയകാട്ടയത്ത് | സി.ആർ.മൈക്കിൾ | 500/- |
| പള്ളിക്കമ്യാലിൽ | ജെയ്സ് പി ജെയിംസ് | 500/- |

**വാർഡ് 46 പാങ്ങാംപാറ**

| | | |
|---|---|---|
| കല്ലോലിക്കൽ | ജെയിംസ് കെ.സി | 100/- |

**വാർഡ്–47 തൊണ്ടിക്കുഴ ബി**

| | | |
|---|---|---|
| പുളിയൻകുന്നേൽ | പി. റ്റി. മാത്യു | 500/- |
| ഷാൻഭവൻ (ഇടയാനിക്കാട്ട്) | ഇ. ടി. ജോസഫ് | 501/- |

**വാർഡ് – 48 പഴുക്കാകുളം നോർത്ത്**

| | | |
|---|---|---|
| ആക്കപ്പടിക്കൽ | എം. ജെ. എബ്രാഹം | 500/- |
| പനിച്ചിക്കാട്ട് | ജോബി ജോസ് | 500/- |







# തിരുവചന വായനകൾ

ജൂൺ 2025

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| **1**<br>ഫിലി.<br>2:1-11<br>മർക്കോ.<br>16:14-20 | **2**<br>2 തെസ.<br>2:13-17<br>യോഹ.<br>4:3-15 | **3**<br>1 കോറി.<br>8:8-13<br>ലൂക്കാ.<br>12:13-21 | **4**<br>1 യോഹ.<br>4:12-21<br>യോഹ.<br>17:1-5 | **5**<br>1 യോഹ.<br>1:1-3<br>ലൂക്കാ.<br>14:25-35 | **6**<br>1 യോഹ.<br>2:22-25<br>മത്താ.<br>24:7-14 | **7**<br>1 കോറി.<br>9:13-18<br>മത്താ.<br>18:23-35 |
| **8**<br>1 കോറി.<br>12:1-11<br>യോഹ.<br>16:5-15 | **9**<br>1 കോറി.<br>14:26-33<br>മത്താ.<br>11:25-30 | **10**<br>2 തെസ.<br>1:3-12<br>മത്താ.<br>20:29-34 | **11**<br>1 കോറി.<br>11:31-34a<br>മത്താ.<br>13:31-35 | **12**<br>ഹെബ്രാ.<br>8:7-13<br>യോഹ.<br>2:13-25 | **13**<br>1 കോറി.<br>12:31-13:13<br>ലൂക്കാ.<br>7:11-23 | **14**<br>1 കോറി.<br>12:12-20<br>യോഹ.<br>6:25-29 |
| **15**<br>1 കോറി<br>6:1-11<br>ലൂക്കാ.<br>7:36-50 | **16**<br>ഫിലി.<br>3:16-21<br>യോഹ.<br>11:17-27 | **17**<br>1 കോറി.<br>9:1-12<br>യോഹ.<br>6:64-71 | **18**<br>1 കോറി.<br>6:12-20<br>യോഹ.<br>6:37-44 | **19**<br>1 കോറി.<br>11:23-30<br>യോഹ.<br>6:51-59 | **20**<br>1 കോറി.<br>3:18-23<br>യോഹ.<br>6:45-50 | **21**<br>1 കോറി.<br>10:14-22<br>യോഹ.<br>6:1-15 |
| **22**<br>1 കോറി.<br>7:1-7<br>ലൂക്കാ.<br>10:25-37 | **23**<br>1 കോറി.<br>12:18-27<br>യോഹ.<br>6:30-36 | **24**<br>1 കോറി.<br>4:15-21<br>മത്താ.<br>18:6-9 | **25**<br>ഫിലി.<br>2:12-16<br>യോഹ.<br>4:39-42 | **26**<br>1 കോറി.<br>3:1-9<br>ലൂക്കാ.<br>8:4-15 | **27**<br>റോമ.<br>10:1-10<br>യോഹ.<br>19:30-37 | **28**<br>എഫേ.<br>1:2-8<br>ലൂക്കാ.<br>2:41-51 |
| **29**<br>1 കോറി.<br>9:19-27<br>ലൂക്കാ.<br>6:27-36 | **30**<br>2 കോറി.<br>1:3-7<br>മർക്കോ.<br>5:25-34 | | | | | |





# സ്നേഹസ്മരണയ്ക്ക്......

## 31–ാം ചരമവാർഷികം



**അന്നമ്മ തൊമ്മൻ**

ജനനം : 01–11–1907

മരണം: 09–08–1994

## 29–ാം ചരമവാർഷികം



**പി.പി.തൊമ്മൻ**

ജനനം : 09–11–1896

മരണം : 26–06–1996

## 3–ാം ചരമവാർഷികം



**മേരി റാഫേൽ**

ജനനം : 28–04–1929

മരണം: 05–06–2022

**പൊട്ടംപ്ലാക്കൽ, മുതലക്കോടം**

"പുനരുത്ഥാനവും ജീവനും ഞാനാകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും" (യോഹ.11:25)

സ്നേഹസ്മരണയ്ക്ക്......

## 2–ാം ചരമവാർഷികം



# വത്സമ്മ കുര്യൻ

## പുളിങ്കുഴയ്ക്കൽ

### മുതലക്കോടം

മരണം: 21–06–2023

"എന്റെ ഓർമ്മകൾ നിങ്ങൾക്ക് ഏറെ ദുഃഖം ഉണ്ടാക്കുമെങ്കിലും
എന്റെ പ്രാർത്ഥന എന്നും നിങ്ങൾക്ക് തണലാകും"

# ഉറപ്പുള്ള നിർമ്മിതികൾക്ക് ഗുണനിലവാരമുള്ള ബ്രിക്സ്

MYSONS GROUP
SINCE 1989

വീടു പണിയുമ്പോഴും കോൺട്രാക്ട് അടിസ്ഥാനത്തിൽ കൊടുക്കുമ്പോഴും, 7.5(N/mm2) ഗുണമേന്മയുള്ള സിമെന്റ് ബ്രിക്കുകൾ തന്നെയെന്ന് ഉറപ്പാക്കുക
-അത് ഞങ്ങളിലൂടെ നേടാം....

HIGH QUALITY
CERTIFIED
BRICK



ബ്രിക്സിന്റെ ഗുണനിലവാരം നേരിട്ട് അറിയാനുള്ള അത്യാധുനിക സംവിധാനത്തോടുകൂടിയ ഇടുക്കി ജില്ലയിലെ ഏക ബ്രിക്ക് യൂണിറ്റ്




MYSONS
SOLID BRICKS

Pattayamkavala
Muthalakodam P.o
Thodupuzha

Contact Us
9072 777 999
9089 777 666

# നല്ല കാര്യങ്ങൾ നാളേക്ക് നീട്ടേണ്ട.. ടൂർ ബുക്ക് ചെയ്യാൻ ഒട്ടും വൈകേണ്ട...




| | |
|---|---|
| Innova | - |
| Urbania | 16 Sts |
| Traveller | 17 Sts |
| Traveller | 26 Sts |
| Bus | 49 Sts |



**UNLOCK YOUR DREAM DESTINATIONS WITH US! - EXPLORE, EXPERIENCE, ENJOY!**

**YOUR JOURNEY, OUR WHEELS!"**

**MYSONS**
TRAVEL HUB

Pattayamkavala
Muthalakodam P.o
Thodupuzha

Contact Us
9072 777 999
9089 777 666